മലയാള മനോരമ 22 February 2023

# ‘അറബിക്കടലിൽ ഉപദ്രവകാരികളായ ആൽഗകൾ വർധിക്കുന്നു’

## 2000 മുതൽ 2020 വരെയുള്ള കാലയളവിൽ ആൽഗയുടെ വളർച്ച മൂന്നു മടങ്ങായി വർധിച്ചു

കൊച്ചി● കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി അറബിക്കടലിൽ ഉപദ്രവകാരികളായ ആൽഗകളുടെ വളർച്ച വർധിക്കുന്നതായി വിദഗ്ധർ.

2000 മുതൽ 2020 വരെയുള്ള കാലയളവിൽ ഇവയുടെ വളർച്ച മൂന്നു മടങ്ങായി വർധിച്ചിട്ടുണ്ടെന്നും ‘വൺ ഹെൽത്ത് അക്വാകൾചർ ഇന്ത്യ’ ശിൽപശാലയിൽ പങ്കെടുത്ത മത്സ്യ ശാസ്ത്രജ്ഞർ അഭിപ്രായപ്പെട്ടു. ധാക്കയിലെ സാർക് അഗ്രികൾചർ സെന്റർ (സാക്) സീനിയർ പ്രോഗ്രാം സ്പെഷലിസ്റ്റ് ഡോ. ഗ്രിൻസൻ ജോർജ്, സിഫാസ്-യുകെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഡേവിഡ് വെർണർ ജെഫ്രി, ഡോ. റിച്ചാർഡ് ഹീൽ, ഡോ. ബെൻ മാസ്കെറി, ഡോ. ഫ്രാങ്ക് ഡാൽമോലിൻ, ഡോ കിഷോർ കുമാർ ക്രിഷ്നാനി, ഡോ. കുൽദീപ് കെ. ലാൽ എന്നിവർ പ്രസംഗിച്ചു.